പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1679 14/07/2016-ൽ മറുപടിക്ക്

# വൈദ്യുതി സെക്ഷനാഫീസുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിനുള്ള പൊതു മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് മുൻകാല അനുഭവങ്ങളിൽ നിന്നാണ്. ഉദ്യോഗസ്ഥരിൽ നിന്നും ജീവനക്കാരുടെ പ്രതിനിധികളിൽ നിന്നുമുള്ള feed back-ഉം കണക്കിലെടുത്തിട്ടുണ്ട്. |
| (ബി) ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവു മൂലവും, വളരെ വിസ്തൃതമായതും, മലയോരങ്ങൾ ഏറെയുള്ളതുമായ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ്, ബോർഡ് അനുവദിക്കുന്നത്. |
| (സി) റാന്നി പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മലയോരമേഖലകളായ നാറാണംതോട്, പമ്പാവാലി, അറയാഞ്ഞിലിമണ്ണ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്കായി എരുമേലി സെക്ഷനാഫീസിലാണ് ഇപ്പോൾ എത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |

(ഡി) എരുമേലി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ എയ്ഞ്ചൽ വാലി, കണമല, മുട്ടപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എരുമേലിയിലാണ് എത്തേണ്ടത് എന്നതിനാൽ ഈ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വിസ്തൃതമായ എരുമേലി സെക്ഷനിലെ പല മലയോരപ്രദേശങ്ങളിലും മഴക്കാലങ്ങളിൽ വൈദ്യുതിമുടക്കം ഉണ്ടായാൽ, ജീവനക്കാരുടെ അഭാവംമൂലം ദിവസങ്ങൾ കഴിഞ്ഞുമാത്രമേ പരിഹരിക്കാൻ കഴിയുന്നുള്ളൂ എന്നതിനാൽ, കിഴക്കൻമേഖല കേന്ദ്രീകരിച്ച് ഒരു പുതിയ വൈദ്യുതി സെക്ഷനാഫീസ് ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**(ഡി)യും (ഇ)യും**

നിലവിലുള്ള എരുമേലി സെക്ഷൻ വിഭജിച്ച് ടി സെക്ഷന്റെ കിഴക്കൻ മേഖലകൾ ഉൾപ്പെടുത്തി കണമലയോ മുക്കൂട്ടുതറയോ കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എരുമേലി സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

**സെക്ഷൻ ഓഫീസർ**